(ബി) ആരോഗ്യ വകുപ്പിലെ ജീവനക്കാരനായിരുന്ന അപേക്ഷകയുടെ പിതാവ് ഭാസ്ക്കരൻ പിള്ളയുടെ മരണത്തെ തുടർന്ന് നൽകിയ അപേക്ഷ പരിഗണിച്ച് ആശ്രിതയ്ക്ക് ജോലി നൽകുന്നതിന് ഉത്തരവുണ്ടാകുന്നതിനുള്ള തടസ്സം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) കാലതാമസം ഒഴിവാക്കി കഴിവതും വേഗം ഗീതയ്ക്ക് ആശ്രിത നിയമനവ്യവസ്ഥയിൽ ജോലി നൽകി ഉത്തരവുണ്ടാകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു,

(ബി)&സി) ജോലിക്കുള്ള അർഹത പരിശോധിക്കുന്നതിന് ആശ്രിത നിയമന വ്യവസ്ഥകൾ അനുശാസിക്കുന്ന തരത്തിലുള്ള കൃത്യമായ രേഖകൾ അപേക്ഷക നൽകിയിട്ടില്ല. അത് ലഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് അപേക്ഷ പരിശോധിച്ച് ആവശ്യമായ ഉത്തരവ് കഴിവതുംവേഗം പുറപ്പെടുവിക്കുന്നതാണ്.

സർക്കാർ ഓഫീസുകളിലെ ഫയലുകൾ

81(792) ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാരാഫീസുകളിൽ കെട്ടികിടക്കുന്ന ഫയലുകളിൽ വേഗത്തിൽ തീർപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

സംസ്ഥാനത്തെ സർക്കാരാഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ എത്രയും വേഗം തീർപ്പു കൽപ്പിക്കുന്നതിനായി 1999-നവംബർ 15 മുതൽ 27 വരെ ഊർജ്ജിത ഫയൽ തീർപ്പ് വാരമായി ആചരിക്കുകയുണ്ടായി. ഇതിനായി തീവ്രയത്ന പരിപാടികൾ സെക്ഷൻ/വകുപ്പ്തലത്തിൽ മാസത്തിലൊരിക്കൽ സംഘടിപ്പിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്; കൂടാതെ എല്ലാ വകുപ്പുകളിലും കെട്ടിക്കിടക്കുന്നതും തീർപ്പാക്കുന്നതുമായ ഫയലുകളെ സംബന്ധിച്ച വിവരം എല്ലാ മാസവും അവലോകനം നടത്തുകയും ചെയ്തു വരുന്നു.

ഫയൽ നിരീക്ഷണ നിയന്ത്രണ സംവിധാനം സംബന്ധിച്ചു ഭരണപരിഷ്കാരകമ്മറ്റി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ സർക്കാർ പരിശോധിച്ചു വരികയാണ്.

ഐ.എം.ജിയിലെ അസോസിയേറ്റ് ഫെല്ലോ തസ്തികയിലെ നിയമനത്തിനുള്ള മാനദണ്ഡം

82 (793) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനമായ ഐ.എം.ജി.യിൽ അസോസിയേറ്റ് ഫെലോ ആയി സർക്കാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷ

LIBRARY ARCHIVES Kerala Legislative Assembly

നിൽ നിയമിക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡവും എന്താണെന്ന് വിശദമാക്കുമോ;

(ബി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇത്തരം നിയമനം നടത്തുന്നതിന് ഐ.എം.ജി. എന്തെങ്കിലും മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ മാനദണ്ഡങ്ങൾ പാലിച്ചാണോ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അസോസിയേറ്റ് ഫെലോ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ നിയമനം നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മേൽപ്പറഞ്ഞ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിജ്ഞാപനം വഴി അപേക്ഷ ക്ഷണിച്ചിരുന്നോ; അപേക്ഷകരുടെ പാനൽ തയ്യാറാക്കാറുണ്ടോ; തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ടീച്ചിംഗ് ക്ലാസ് എടുക്കുന്നതിനുള്ള നൈപുണ്യവും ഇന്റർവ്യൂവിന് ലഭിച്ച മാർക്കും കണക്കിലെടുത്താണോ ഡെപ്യൂട്ടേഷൻ നിയമനം നൽകുന്നത്.

(ഇ) ഈ സ്ഥാപനത്തിൽ നിലവിൽ അസോസിയേറ്റ് ഫെലോ തസ്തികയിൽ എത്ര ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട് എന്നു വ്യക്തമാക്കുമോ;

(എഫ്) ഇവർ ഐ.എം.ജി.യുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിയമിക്കപ്പെട്ടവരാണോ; അല്ലെങ്കിൽ നിയമാനുസൃതമായ രീതിയിൽ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ) സർക്കാർ സർവ്വീസിൽ സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥൻമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഐ.എം.ജി. യിൽ അസോസിയേറ്റ് ഫെലോ ആയി നിയമിയ്ക്കാറുണ്ട്.

(ബി)&(സി) ലക്ചർമാരായി നിയമിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യത 55% മാർക്കോടെയുള്ള ബിരുദാനന്തര ബിരുദമാണ്. പ്രധാനമായും, സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകുന്ന ഐ.എം.ജിയിൽ. സർക്കാർ നടപടി ക്രമങ്ങൾ, സർവ്വീസ് റൂൾസ് തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് വളരെ വർഷത്തെ ഭരണപരിചയവും കഴിവും ഉള്ള ഉദ്യോഗസ്ഥരെയാണ് അസോസിയേറ്റ് ഫെലോ ആയി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഗവൺമെന്റ് നിയമിക്കുന്നത്.

(ഡി) ഡെപ്യൂട്ടേഷൻ നിയമനങ്ങൾക്ക് നിലവിലുള്ള ചട്ടങ്ങൾപ്രകാരം വിജ്ഞാപനം വഴി അപേക്ഷ ക്ഷണിക്കുകയോ പാനൽ തയ്യാറാക്കുകയോ, ഇന്റർവ്യൂ നടത്തുകയോ ചെയ്യേണ്ടതില്ല.

(ജി) ഇപ്പോൾ അഞ്ചുപേർ ജോലി ചെയ്യുന്നുണ്ട്.

(എഫ്) ഐ.എം.ജി. യുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് നിയമിക്കപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly